പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2756 — 10.07.2015-ൽ മറുപടിക്ക്

**നെൽകൃഷി**

ചോദ്യം

ശ്രീ.രാജു എബ്രഹാം

മറുപടി

ശ്രീ.കെ.പി.മോഹനൻ

(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്ത് എത്ര ഹെക്ടറിൽ നെൽകൃഷി ഉണ്ടായിരുന്നു; ഇപ്പോൾ എത്ര ഹെക്ടറിൽ നെൽകൃഷി ഉണ്ടെന്ന് പറയാമോ : | എ) | ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്ത് 2.13 ലക്ഷം ഹെക്ടറിൽ നെൽകൃഷി ഉണ്ടായിരുന്നു. 2013-14 വർഷം 1.99 ലക്ഷം ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്തിട്ടുണ്ട്. 2014-15 വർഷത്തേക്കുള്ള കണക്ക് എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് പ്രസിദ്ധീകരിച്ചിട്ടില്ല. എന്നാൽ മുൻ വർഷത്തേക്കാൾ 5000 ഹെക്ടർ അധികം നെൽകൃഷി ചെയ്തിട്ടുണ്ട്. |
| ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം തരിശ്ശായി കിടന്ന എത്ര ഹെക്ടർ ഭൂമിയിലാണ് കൃഷി പുനരാരംഭിച്ചത് ; ഇതു വഴി എത്ര ടൺ നെല്ല് അധികമായി ഉൽപ്പാദിപ്പിക്കാൻ കഴിഞ്ഞു എന്ന പറയാമോ ; | ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം തരിശ്ശായി കിടന്ന 8490 ഹെക്ടർ ഭൂമിയിലാണ് കൃഷി പുനരാരംഭിച്ചത് . ഇതു വഴി 32846-മെട്രിക് ടൺ നെല്ല് അധികമായി ഉൽപ്പാദിപ്പിക്കാൻ കഴിഞ്ഞു |
| സി) | കൃഷി നാശം സംഭവിച്ച എത്ര കർഷകർക്ക് എത്ര രൂപ വീതം കഴിഞ്ഞ വർഷം നഷ്ടപരിഹാരം നൽകി എന്ന പറയാമോ? | സി) | കഴിഞ്ഞ സാമ്പത്തികവർഷം കൃഷി നാശം സംഭവിച്ച 36120 കർഷകർക്കായി 1593.65094 ലക്ഷം രൂപയുടെ നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. |

സെക്ഷൻ ആഫീസർ